**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**Email: ceekinfo.cee@kerala.gov.in**

**Phone : 0471 2525300**


## <u>വിജ്ഞാപനം</u>

## <u>കീം 2024</u>

### <u>കേരള എഞ്ചിനീയറിംഗ് /ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2024 സാമുദായിക/പ്രത്യേക സംവരണം/മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.</u>

2024 ലെ എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള (കീം 2024) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിയ്ക്കകം കാറ്റഗറി/കമ്മ്യൂണിറ്റി/നേറ്റിവിറ്റി/വരുമാനം/പ്രത്യേക സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാർ ത്ഥികൾ ക്ക് **'KEAM 2024- Candidate Portal'** ലെ **'Category List Provisional'** എന്ന മെനു ക്ലിക്ക് ചെയ്ത് കാറ്റഗറി ലിസ്റ്റ് കാണാവുന്നതാണ്. കാറ്റഗറി പട്ടിക സംബന്ധിച്ച് സാധുവായ പരാതികൾ കീം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-

മെയിൽ (ceekinfo.cee@kerala.gov.in) മുഖേന **03.08.2024, വൈകുന്നേരം 4.00 മണിക്കകം** അറിയിക്കേണ്ടതാണ്. പരാതിയോടൊപ്പം സർട്ടിഫിക്കറ്റുകളോ അനുബന്ധ രേഖകളോ ഇ-മെയിൽ മുഖേന അയയ്ക്കാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും പുതുതായി ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഇനി സ്വീകരിക്കുന്നതല്ല. പരാതികൾ ഉള്ള പക്ഷം അവ പരിഹരിച്ചശേഷമുള്ള അന്തിമ കാറ്റഗറി ലിസ്റ്റ് **04.08.2024** ന് പ്രസിദ്ധീകരിക്കുന്നതാണ്.

*കുറിപ്പ്:- പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് കേരളീയരായവർക്ക് **(Keralite)** മാത്രമാണ് സാമുദായിക/പ്രത്യേക സംവരണത്തിനോ ഫീസ് ആനുകൂല്യങ്ങൾക്കോ അർഹതയുള്ളത്. ആയതിനാൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റിലെ ന്യൂനത കാരണം താൽക്കാലിക കാറ്റഗറി ലിസ്റ്റിൽ **Withheld Status** ൽ ഉള്ളവർക്ക് അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് നേറ്റിവിറ്റി സർട്ടിഫിക്കറ്റിലെ ന്യൂനതകൾ മാറ്റി **Withheld Status** ൽ നിന്നും ഒഴിവാകുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം അപേക്ഷകരിൽ നേറ്റിവിറ്റിയിൽ അപാകത ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിൽ കാൻഡിഡേറ്റ് പോർട്ടൽ വഴി ആവശ്യമായ രേഖകൾ സമർപ്പിച്ച് നേറ്റിവിറ്റി തെളിയിക്കാമെങ്കിലും റദ്ദ് ചെയ്യപ്പെട്ട ആനുകൂല്യങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതല്ല.*

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 01-08-2024 21:48:39

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**01-08-2024**